കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ.(പി.7)338/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 16.05.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം – അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ, ഭാഗം 3 ലെ 3- എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(പി7)338/2019 തീയതി: 16.05.2019

## തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 01.04.2017 മുതൽ 31.03.18 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 31.03.18 വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.സൈമൺ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.02.19 മുതൽ 21.02.19 വരെ (18.02.19, 19.02.19 ക്യാമ്പ് അവധി) |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീമതി.ഷീന കെ.ടി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സിജു പി. ഡാംസൺ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.സ്റ്റാൻലി.പി.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. ജയൻ.വി.എസ് | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | തങ്കമ്മ വർഗ്ഗീസ് | 01.04.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | സിജോ കരേടൻ | 01.04.17 മുതൽ 31.03.18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ടി.വി നൈജു | 01.04.17 മുതൽ 31.03.18 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ജയശ്രീ. പി.കെ | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, ഗവ: ആയുർവേദ ഡിസ്പെൻസറി | ഡോ.ഇന്ദു.ബി.കെ | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ജിൽഷോ ജോർജ്ജ് | 01.04.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ. (മലക്കപ്പാറ) | ബിജു.സി.വി | 01.04.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ. (വെറ്റിലപ്പാറ) | ജിജു.കെ.വി | 01.04.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സി.ആർ. ശ്രീവിദ്യ | 01.04.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.പി.എസ്.സുനിൽകുമാർ | 01.04.17 മുതൽ 31.03.18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | സെബിൻ.പി.എഫ്. | 01.04.17 മുതൽ 20.08.17 വരെ |
| | അലീന.കെ.എസ്. (ഡി.എഫ്.ഇ) | 21.08.17 മുതൽ 15.02.18 വരെ |
| | സെബിൻ.പി.എഫ്. | 16.02.18 മുതൽ 01.03.18 വരെ |
| | റിച്ചാർഡ് ജോർജ്ജ് (ഡി.എഫ്.ഇ) | 02.03.18 മുതൽ 12.03.18 വരെ |
| | സെബിൻ.പി.എഫ്. | 13.03.18 മുതൽ 31.03.18 വരെ |
| ഹെഡ്മിസ്ട്രസ്സ് | പി.കെ.മേരി | 01.04.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ടി.ജി.സജി | 01.04.17 മുതൽ 31.03.18 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | ബജറ്റ് അവലോകനം | 2-1 |
| 14 | ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ | 2-2 |
| 15 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | 2-3 |
| 16 | തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് | 2-4 |
| 17 | അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച അപാകതകൾ | 2-5 |
| | ഭാഗം-3 | |
| 18 | ODF -ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല-191258 രൂപ തടസ്സപ്പെടുത്തുന്നു. | 3-1 |
| 19 | ബാധകമല്ലാത്ത പ്രവൃത്തികൾക്ക് സേവനനികുതി അടച്ചു. 84914 രൂപ തടസ്സപ്പെടുത്തുന്നു. | 3-2 |
| 20 | ടെണ്ടർ ഷെഡ്യൂളിനേക്കാൾ കൂടിയനിരക്ക് അനുവദിച്ചു.-1897 രൂപ നിരാകരിക്കുന്നു | 3-3 |
| 21 | പാലിന് സബ് സിഡി - മുഴുവൻ തുകയും വിനിയോഗിച്ചില്ല | 3-4 |
| 22 | എസ്.എസ്.എ. വിഹിതം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-5 |
| 23 | അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ ഗോത്രോൽസവം എന്ന പദ്ധതി-സബ്സിഡി മാർഗരേഖാവിരുദ്ധമായ ചെലവ് | 3-6 |

| | | |
|---|---|---|
| 24 | സ്വയം തൊഴിലിന് ഇരുചക്രവാഹനം എന്ന പദ്ധതി-ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക നൽകി | 3-7 |
| 25 | സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതികൾക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-8 |
| | ഭാഗം-4 | |
| 26 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | നിക്ഷേപപ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 37 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 16.03.2017 തീയതിയിലെ തീരുമാനം 1/1 പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 146717358 രൂപയും ചെലവ് 144842000 രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 18.05.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018 & 23.06.2018 | കെ.എസ്.എ.ടി.എസ്.ആർ (ഇ3) – 1150/18(05)/11.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 90,52,848 |
| വരവ് | 5,26,72,823 |
| ആകെ | 6,17,25,671 |
| ചെലവ് | 5,37,17,734 |
| നീക്കിയിരിപ്പ് | 80,07,937 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 34640096 | 34640096 | 24619063* | 10021033 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 6104270 | 6104270 | 3485111 | 2619159 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 3018773 | 3018773 | 2229497 | 789276 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 3471000 | 3471000 | 1527267 | 1943733 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5821000 | 5821000 | 5709925 | 111075 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 15470233 | 15470233 | 4444242* | 11025991 |
| പെർഫോമൻസ് ഗ്രാന്റ് | | 0 | 0 | 0 | 0 | 0 |
| ലോകബാങ്ക് സഹായം | | 0 | 994326 | 994326 | 0 | 994326 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 9903564 | 9903564 | 9903564 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 30173 | 266634 | 296807 | 266766 | 30041 |

*ക്യൂ ബില്ലിൽ ഉൾപ്പെടുത്തി 2018-19 വർഷം ചെലവു വന്നതിൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 201 | 9,14,31,482 | 140 | 4,24,55,003 | 48 | 13 | 69.65 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 30173 | 2,66,634 | 2,96,807 | 2,66,766 | 30041 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 99,03,564 | 99,03,564 | 99,03,564 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2400 | 6 |
| കർഷകതൊഴിലാളി പെൻഷൻ | 1085600 | 93 |
| വിധവാപെൻഷൻ | 5837500 | 574 |
| വാർദ്ധക്യകാലപെൻഷൻ | 6452800 | 543 |
| വികലാംഗപെൻഷൻ | 877300 | 81 |
| അവിവാഹിത പെൻഷൻ | 110500 | 14 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 0 | 0 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.02.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,921/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. പൂർത്തിയാക്കിയ പദ്ധതികളുടെ മോണിറ്ററിങ്ങ് കാര്യക്ഷമമായി നടക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.01.2019 | 12/2018 | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.07.17 | 2016-17 | 23.09.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വാർഷികകണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ, 2011 ചട്ടം 62(എഫ്1), സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11-ൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം (5,87,04,490/- രൂപ) പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.

3. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിൽ "net decrease in cash and cash equivalance" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (1044911) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ "net cash generated by operating, investing and financing activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (3397466/-) രൂപയാണ്.

പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

4. വസ്തുനികുതി കുടിശ്ശികയിൽ താഴെ പറയും പ്രകാരം അപാകത കാണുന്നു

| വസ്തു നികുതി കുടിശ്ശിക ഇനം | 2016-17 ലെ ബാലൻസ് ഷീറ്റ് പ്രകാരം കുടിശ്ശിക | 2017-18 ലെ അരിയർ കളക്ഷൻ (RP-43 പ്രകാരം) | 2017-18ലെ അരിയർ ബാലൻസ് |
|---|---|---|---|
| താമസാവശ്യത്തിനുള്ളവ | 594866 | 296887 | 212250 |
| താമസേതരം | 34601 | 640524 | 414653 |

ഇപ്രകാരം വസ്തു നികുതി കുടിശ്ശികയിൽ വന്ന പൊരുത്തക്കേടിന് വിശദീകരണം നൽകേണ്ടതാണ്. കുടിശ്ശിക DCB കണക്കാക്കിയതിൽ ഗണിതക്രിയയിൽ പൊരുത്തമില്ല (ഡിമാൻഡ് - കളക്ഷൻ = ബാലൻസ്).

5. വസ്തുനികുതി കറന്റ് കളക്ഷൻ സാംഖ്യയും സഞ്ചയയും തമ്മിൽ താഴെ പറയും പ്രകാരം വ്യത്യാസമുണ്ട്.

| | |
|---|---|
| സാംഖ്യ | 1956887/- |
| സഞ്ചയ | 2049463/- |

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം വസ്തുനികുതി ഇനത്തിൽ ഉള്ള കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി സർക്കാർ ഉത്തരവ് 152/2011/തസ്വഭവ/തീ.26.7.2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം സംശയാസ്പദമായ തുകയുടെ ലഭ്യത കണക്കാക്കി ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതാണ്.

7. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2017-18 ൽ താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക കൈമാറിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പ്രസ്തുത തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ലും, RP -47 ഉം ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| പദ്ധതി നമ്പർ | പേര് | തുക |
|---|---|---|
| 132/18 | ജലശുദ്ധീകരണ പ്ലാന്റ് (KWA) | 600000/- |
| 109/18 | 4ാം വാർഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (KSEB) | 128325/- |
| 110/18 | കേശവമേനോൻ റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (KSEB) | 79557/- |
| | എക്സ് സെർവീസ് മെൻ സെൻട്രൽ റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (KSEB) | 59700/- |
| | ആകെ | 867582/- |

9. Income & Expenditure അക്കൗണ്ട് പ്രകാരം Prior Period item എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജറുകൾ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല.

| ശീർഷകം ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-18 | Income &Expenditure അക്കൌണ്ട് പ്രകാരം 31.3.18 ലെ നീക്കിയിരിപ്പ് |
|---|---|
| 280100104 - Prior Period income-property taxon non residential buildings | (906197) |
| 280200201 - Prior Period income-license fees | (300) |

| | |
|---|---|
| 280200401 - Prior Period income-other incomes | (9825) |
| 280800301- Prior Period income-operation and maintenance expenses | 499834 |

10. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

11.ODF പ്രോജക്റ്റിനായി വി.ഇ.ഒ (മലക്കപ്പാറ)യുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബാങ്ക് -ടി.ഡി.സി.ബി- അക്കൗണ്ട് നമ്പർ 80010033493
1/4/2017 ലെ മുന്നിരിപ്പ്- 198677
പലിശ വരവ്-1767
പഞ്ചായത്തിൽ നിന്നുള്ള വരവ്-9,600
ചെലവ് –191258
31/3/2018 ലെ നീക്കിയിരിപ്പ്- 18786
ഈ തുകകൾ സ്ഥാപനത്തിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ്, ഇതിൽ നിന്നുള്ള വരവ് ചെലവുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വി.ഇ.ഒയുടെ പേരിലുള്ള അക്കൗണ്ട് ആയതിനാൽ നേരിട്ട് വാർഷികകണക്കിൽ ചേർക്കാനാവാത്ത സാഹചര്യമുണ്ടെങ്കിൽ Advance to implementing officer എന്ന ശീർഷകത്തിൽ ഉൾപ്പെടുത്താവുന്നതാണ്. അപ്രകാരം ചെയ്യാത്തതിനാൽ ഈ അക്കൗണ്ട് പ്രകാരമുള്ള ഇടപാടുകൾ വാർഷികകണക്കിൽ പ്രതിഫലിക്കാതെ പോകുന്നു. (വാർഷിക ഓഡിറ്റ് വേളയിൽ കണ്ടെത്തിയത്.)

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് അവലോകനം

ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ പ്രവർത്തനരേഖയായ വാർഷിക ബജറ്റിന്റെ രൂപീകരണത്തിലും നടപടിക്രമങ്ങളിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. തദ്ദേശ സ്ഥാപനങ്ങളുടെ കാഴ്ചപ്പാടും ലക്ഷ്യവും സാക്ഷാൽക്കരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശവും ഇടപെടലുകളും അനിവാര്യമാണ്.

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തുകയോ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചതായോ രേഖപ്പെടുത്തി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്തിനു മുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കി ജനറൽ കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്തിരിക്കുന്നത് 13.03.17 നാണ്. ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിരിക്കുന്നത് 16.03.2017നാണ്. ബജറ്റ് നടപടികൾ സമയബന്ധിതമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന വർദ്ധനവിനോടൊപ്പം പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന സേവന ഉപനികുതി ചുമത്തൽ മുതലായ നിർദ്ദേശങ്ങൾ, കാര്യക്ഷമമായ ഇടപെടലുകൾ എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ

അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ

ഡി & ഒ ലൈസൻസ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഓരോ വർഷവും പുതുതായി തുടങ്ങുന്ന സ്ഥാപനങ്ങളുടെയും നിർത്തലാക്കിയ സ്ഥാപനങ്ങളുടെയും വിവരം ശേഖരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും ബന്ധപ്പെട്ട മേലധികാരികൾ സാക്ഷ്യപ്പെടുത്തുകയും ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
2) ഡി & ഒ രജിസ്റ്ററിൽ പേര് രേഖപ്പെടുത്തിയിരിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളുടെ അപേക്ഷകളിലെ തുടർനടപടികൾ രേഖപ്പെടുത്തി കാണുന്നില്ല.

a. VI/273, അലോന ഹോട്ടൽ

b. III/180, ചിക്കൂസ് സ്റ്റോഴ്സ്

c. III/177, അഭിനന്ദ് സ്റ്റോഴ്സ്
d. III/146, ഹോട്ടൽ, മോഹനൻ.എ.എൻ
e. VI/270, 271 – ഹോട്ടൽ, ലളിത ചാത്തുക്കുട്ടി
f. III/167I, പാറേക്കാട്ട് ട്രേഡേഴ്സ്
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.1/13.02.19-നുള്ള മറുപടിയിൽ മേൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും നോട്ടീസ് നൽകി തുക ഈടാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസിനുള്ള അപേക്ഷ നൽകിയിട്ടും ഫീസ് അടപ്പിക്കുകയോ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് നോട്ടീസ് നൽകുകയോ ചെയ്യാതിരുന്നത് ഉത്തരവാദപ്പെട്ടവരുടെ വീഴ്ചയാണ് സൂചിപ്പിക്കുന്നത്.

3) ഹോട്ടൽ/റസ്റ്റോറന്റ് എന്നിവയുടെ ലൈസൻസ് അപേക്ഷകളോടൊപ്പം ജീവനക്കാരുടെ ഹെൽത്ത് കാർഡ് കോപ്പി ഹാജരാക്കി കാണുന്നില്ല.
4) ടാറ്റ കോഫീ ലിമിറ്റഡിന്റെ വിവിധ സ്ഥാപനങ്ങൾക്കുള്ള ലൈസൻസിനുള്ള അപേക്ഷകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു
a. ക്രമ നം.43 മുതൽ 50 വരെയുള്ള ടാറ്റാ കോഫീ ലിമിറ്റഡിന്റെ വ്യത്യസ്ത അപേക്ഷകളിൽ ഒന്നിലും സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. അപേക്ഷയിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പിന് പകരം 2 രൂപയുടെ സ്റ്റാമ്പാണ് പതിച്ചിട്ടുള്ളത്.

b. വാർഡ് നം. XI/150, ടാറ്റ കോഫീ ലിമിറ്റഡിന്റെ 1239HP പ്രവർത്തിപ്പിക്കുന്ന ഫാക്ടറിക്കുള്ള ലൈസൻസ് പുതുക്കി നൽകിയ ഫയലിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രം, ഫയർ എൻ.ഒ.സി, ഫാക്ടറീസ് & ബോയ്ലേഴ്സ് ലൈസൻസ് എന്നിവ ഹാജരാക്കി കാണുന്നില്ല.

c. പെട്രോളിയം ഉത്പന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള ലൈസൻസ് പുതുക്കി നൽകിയപ്പോൾ ഫയർ എൻ.ഒ.സി. ഹാജരാക്കിയിട്ടില്ല.

5) ലൈസൻസിനുള്ള അപേക്ഷയിൽ കാണിച്ചിരിക്കുന്ന വിറ്റ് വരവിന് ആനുപാതികമായി ഫീസ് ഈടാക്കിയിട്ടില്ല.

a.വാർഡ് നം. VII/143A, കല്ലേലി ഫ്യൂവൽസ് എന്ന പെട്രോൾ പമ്പിന് ലൈസൻസ് പുതുക്കി നൽകിയപ്പോൾ ഫീസായി 500/- രൂപ മാത്രമാണ് ഈടാക്കിയത്. അപേക്ഷ പ്രകാരം 50,000/- രൂപ വിറ്റുവരവായി കാണിച്ചിട്ടുണ്ട്.

b.വാർഡ് നം. II/227, ശ്രീധർമ്മ എച്ച്.പി. ഗ്യാസ് ഗ്രാമീണ വിതരക് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കി നൽകിയപ്പോൾ 200 രൂപ മാത്രമാണ് ഫീസ് ഈടാക്കിയത്. അപേക്ഷ പ്രകാരം 25,000/- രൂപ വിറ്റുവരവായി കാണിച്ചിട്ടുണ്ട്.
ഗ്യാസ് ഏജൻസി, പെട്രോൾ പമ്പ് പോലുള്ള സ്ഥാപനങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കാമായിരുന്നിട്ടും വളരെ തുച്ഛമായ ഫീസാണ് ഈടാക്കിയിരിക്കുന്നത്. നിയമാനുസൃത ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

1) താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി കാണുന്നില്ല.
a.ഹൈഡൽ പാലസ് ഹോട്ടൽ & റിസോർട്ട്, അതിരപ്പിള്ളി എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കി കാണുന്നില്ല.

b. എക്സ്-സർവ്വീസ്മെൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറി രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി

അടവാക്കിയിട്ടില്ല.
c. പ്ലാന്റേഷൻ കോർപ്പറേഷൻ, അതിരപ്പിള്ളി എസ്റ്റേറ്റ്, കാലടി എസ്റ്റേറ്റ് എന്നിവിടങ്ങളിലെ തൊഴിലാളികളുടെ രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതി അടവാക്കി കാണുന്നില്ല.

2) താഴെ പറയുന്നവയുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കി കാണുന്നില്ല.

a. ബി.എസ്.എൻ.എൽ, വെറ്റിലപ്പാറ

b. ആനമല കൂട്ടുകൃഷി സഹകരണ സംഘം, വെട്ടിക്കുഴി

3) ഡി & ഒ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയതിനനുസൃതമായി താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കി കാണുന്നില്ല.

a. VI/265-268, ഗ്രീൻവാലി മോട്ടേൽസ് -- 8ജീവനക്കാർ

b. VI/263, ഗ്രീൻവാലി ഹോട്ടൽസ് -- 8 ജീവനക്കാർ (4 പേരുടെ അടവാക്കി)

c. IV/233, ചിയോങ്ങ റസ്റ്റോറന്റ് -- 6 ജീവനക്കാർ

d. II/186, റോയൽ പാലസ് റസ്റ്റോറന്റ് -- 6 ജീവനക്കാർ

ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽനികുതി അടക്കാൻ ബാധ്യസ്ഥരായ മുഴുവൻ പേർക്കും രണ്ട് അർദ്ധവർഷങ്ങളിലും ഡിമാന്റ് നോട്ടീസ് നൽകുകയും കുടിശ്ശിക വരുത്താതെ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 2-4 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

1) തനത് വരുമാനം തീരെ കുറവായിട്ടും വസ്തുനികുതിയിനത്തിൽ പാർപ്പിടങ്ങൾക്ക് 3 രൂപ നിരക്ക് മാത്രമാണ് ഈടാക്കുന്നത്. 3 രൂപ മുതൽ 8 രൂപ വരെ ഈടാക്കാമായിരുന്നിട്ടും നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം ഭരണസമിതിയുടെ ഭാഗത്തു നിന്ന് ഉണ്ടായി കാണുന്നില്ല.
2) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം കുടിശ്ശികയിനത്തിൽ 10,60,237/- രൂപ പിരിച്ചെടുക്കാനുള്ളതായി കാണുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
3) ദേശീയ ശ്രദ്ധയാകർഷിക്കുന്ന വിനോദസഞ്ചാര മേഖലയായി വികസിച്ച് കൊണ്ടിരിക്കുന്ന ഈ പ്രദേശത്ത് നിരവധി ലോഡ്ജ്, ഹോട്ടൽ, ഹോംസ്റ്റേ, റിസോർട്ട് എന്നിവ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഡി & ഒ രജിസ്റ്റർ പരിശോധിച്ചപ്പോൾ 39 സ്ഥാപനങ്ങളാണ് ഈ വിഭാഗത്തിൽ ലൈസൻസ് എടുത്തതായി കാണുന്നത്. 13 വാർഡുകളുള്ളതിൽ വാർഡ് II മുതൽ VII വരെയാണ് ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയായി കാണുന്നത്. പാർപ്പിടം എന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിരിക്കുന്നവ ഹോംസ്റ്റേ, ലോഡ്ജ് എന്നീ രീതിയിൽ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്.
4) റിസോർട്ടുകൾ ലോഡ്ജ് എന്ന രീതിയിൽ നികുതി നിർണ്ണയം നടത്തപ്പെടുന്നതിലൂടെ 90 രൂപ നിരക്കിൽ ലഭിക്കേണ്ട നികുതി 30 രൂപ നിരക്കായി കുറയുന്നതിനും അതിലൂടെ വൻ നികുതി ചോർച്ച സംഭവിക്കാനും ഇടയാക്കപ്പെടും. ഇതും പരിശോധനാ വിധേയമാക്കേണ്ടതാണ്.
ഹോട്ടൽ, റസ്റ്റോറന്റ്, റിസോർട്ട്, ലോഡ്ജ് എന്നിവിടങ്ങളിൽ പരിശോധന നടത്തി ലൈസൻസ് എടുക്കാതെയും തെറ്റായി നികുതി നിർണ്ണയം നടത്തപ്പെടുകയും ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/16.02.19 ന് മറുപടി ലഭിക്കുകയുണ്ടായില്ല.
പഞ്ചായത്തിന്റെ തനത് വരുമാനത്തിനുള്ള മുഖ്യ ഉപാധിയായി മാറാൻ സാധ്യതയുള്ള വിനോദസഞ്ചാരമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഒരു രജിസ്റ്റർ തയ്യാറാക്കുന്നതും ഇവയിൽ പ്രവർത്തിക്കുന്ന ജീവനക്കാർ ബഹുഭൂരിഭാഗവും പഞ്ചായത്തിന് പുറത്തുള്ളവരാകയാൽ (പ്രത്യേകിച്ചും അന്യസംസ്ഥാനത്തുള്ളവർ) അവരുടെ വിവരങ്ങൾ ശേഖരിച്ച് വക്കുന്നതും ഉപയോഗപ്രദമായിരിക്കും.

## 2-5 അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച അപാകതകൾ

അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച താഴെ പറയുന്ന അപാകതകൾ കാണുന്നു.
1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 13.02.2015 ലെ നം.81777/RA1/2014/ത.സ്വ.ഭ.വ സർക്കുലർ, 18.10.2014 ലെ 60203/RA1/14/ത.സ്വ.ഭ.വ സർക്കുലർ എന്നിവ പ്രകാരം UA നമ്പർ നൽകി ഒരു വർഷത്തിൽ കൂടുതലായ എല്ലാ അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെയും നടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ട് നൽകാനും നിശ്ചിത കാലാവധിക്കുള്ളിൽ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കാത്ത എല്ലാ അനധികൃത

നിർമ്മാണങ്ങൾക്കെതിരെയും നിലവിലുള്ള കേരള പഞ്ചായത്ത് രാജ് ആക്ട്, കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കാനും ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച ഫയലുകൾ രജിസ്റ്ററുകൾ എന്നിവ കാലികമാക്കി സൂക്ഷിച്ച് കാണുന്നില്ല. സഞ്ചയ പ്രകാരം ലഭ്യമാക്കിയ കണക്ക് പ്രകാരം നിലവിൽ 12 വാർഡുകളിലായി 369 കെട്ടിടങ്ങൾക്ക് UA നമ്പർ നൽകി കാണുന്നുണ്ട്. വാർഡ് തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| വാർഡ് നം. | കെട്ടിടങ്ങളുടെ എണ്ണം |
|---|---|
| I | 33 |
| II | 16 |
| III | 15 |
| IV | 7 |
| V | 21 |
| VI | 20 |
| VII | 9 |
| VIII | 116 |
| IX | 1 |
| X | 56 |
| XI | 56 |
| XII | 19 |
| ആകെ | 369 |

ഇതിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള I/172UA(2001), VIII/203UA(2007), VIII/209UA(2002), XI/10UA(1993), XI/261UA(1993), XII/21UA(1993) എന്നീ കെട്ടിടങ്ങളും ഉൾപ്പെട്ട് കാണുന്നു. 1984 മുതലുള്ള കെട്ടിടങ്ങൾ ഇപ്പോഴും നടപടികളെടുക്കാതെ ഉള്ളതായാണ് മനസ്സിലാകുന്നത്.

2) 2011-ലെ കേരള പഞ്ചായത്ത് രാജ് ( വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(4) പ്രകാരം നിയമാനുസതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 235W വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാകേണ്ടതുമായ കെട്ടിടങ്ങൾ വ്യാപാരത്തിനായോ, വ്യവസായത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന്, ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ UA നമ്പർ നൽകപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് കാണുന്നു.

i) VI/189 UA – വി.എ.സിറാജ്, സിന്നമൺ ഹോസ്പിറ്റാലിറ്റീസ്, വെറ്റിലപ്പാറ (ഹോട്ടൽ)

ii) VII/157UA – മനോജ്.വി.പി, ECA ഏജൻസീസ് (ഐസ് ക്രീം വിൽപ്പന)

iii) VII/191UA – പരമേശ്വരൻ.ഇ.കെ, അയ്യപ്പാസ് സ്റ്റോഴ്സ് & കൂൾബാർ

iv) VII/192UA – ചാക്കോ.പി.എൽ, സില്ലി ബേക്കറി & കൂൾബാർ

v) VII/193UA – പി.സി.ആന്റണി, മരിയ ഹോട്ടൽ & കൂൾബാർ

vi) VIII/124UA – പി.എൻ.രാജൻ, ഹോട്ടൽ മണികണ്ഠൻ

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.13/20.02.19-ന് മറുപടി ലഭിക്കുകയുണ്ടായില്ല. അനധികൃത നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടങ്ങൾക്കെതിരെ നിയമാനുസൃതമായ നടപടി കൈക്കൊള്ളേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 ODF -ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല-191258 രൂപ തടസ്സപ്പെടുത്തുന്നു.

ODF പ്രോജക്റ്റിനായി വി.ഇ.ഒ (മലക്കപ്പാറ)യുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബാങ്ക് -ടി.ഡി.സി.ബി- അക്കൗണ്ട് നമ്പർ 80010033493
1/4/2017 ലെ മുന്നിരിപ്പ്- 198677
പലിശ വരവ്-1767

പഞ്ചായത്തിൽ നിന്നുള്ള വരവ്-9,600

ചെലവ് –191258

31/3/2018 ലെ നീക്കിയിരിപ്പ്- 18786

എന്നാൽ ഈ തുകയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് തുകയായ 191258 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഇതിൽ 9600 രൂപ തൻവർഷം പഞ്ചായത്ത് നൽകിയതാണ്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.) (ഓഡിറ്റ് എൻക്വയറി നം.8 തീ.15/2/2018)

| ക്രമ നമ്പർ | ചെക്ക് നമ്പർ | വൗച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|---|---|
| 1. | 101484 -TDCB | 21700332 | 22/9/2017 | 9,600 |

## 3-2 ബാധകമല്ലാത്ത പ്രവൃത്തികൾക്ക് സേവനനികുതി അടച്ചു. 84914 രൂപ തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ സേവനനികുതി അടക്കാൻ ബാധ്യത ഇല്ലാത്ത പ്രവൃത്തികളുടെ പ്രോജക്റ്റുകളിൽ സേവന നികുതി ഉൾപ്പെടുത്തി തുക അടവാക്കി.അപ്രകാരം അടച്ച 84914 രൂപ താഴെ ചേർത്തിരിക്കുന്ന പട്ടികയിലെ കുറിപ്പുകൾ പ്രകാരമുള്ള കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു. തുക CBEC (Central board of excise and customs) കരാറുകാരൻ മുഖേന ഈടാക്കി അതാത് ഫണ്ടുകളിൽ തിരിച്ചടക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 15 തീ.21/2/19)

| ക്രമ നം. | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | കരാറുകാരൻ | എം. ബുക്ക് നമ്പർ | പേജ് | പ്രവൃത്തി മൂല്യം | സേവന നികുതി | എസ്റ്റിമേറ്റ് ചാർജ് മുതലായവ | ആകെ ചെലവ് | ട്രഷറി ബിൽ നമ്പർ | തീയതി | കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | 228/18 | അംഗൻവാടി കളിൽ കുഴൽ കിണർ | ശ്രീ. ലോനകുട്ടി | 44 | 14 | 410945.31 | 43149.26 (10.5%) | - | 454095 | 23 | 30/10/17 | 1.കരാറുകാരൻ സേവന നികുതി അടച്ചതിന്റെ രസീത് ഹാജരാക്കിയിട്ടില്ല. 2. CBEC യുടെ Notification 25/2012-Service Tax dated 20th June, 2012 (അമെൻഡ്-മെൻഡുകൾക്ക് ശേഷവും) 12€ പ്രകാരം ജല വിതരണ-ത്തിനുള്ള പഞ്ചായത്തിനു ലഭിക്കുന്ന സേവനങ്ങളെ സേവന നികുതിയിൽ നിന്ന് ഒഴിവാക്കി-യിട്ടുണ്ട്. (കുഴൽ കിണറുകളെ ഒഴിവാക്കി-യതായി സ്പഷ്ടീകരണം ഉണ്ട്). ഒറിജിനൽ |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | വർക്കിന് മെയിന്റനൻസ് വർക്കിന്റെ നിരക്കിലാണ് സേവന നികുതി അടച്ചത്. |
| 2. | 201/18 | വെറ്റിലപ്പാറ ലിഫ്റ്റ് ഇറിഗേഷൻ (സെൻട്രി ഫ്യൂഗൽ പമ്പ്, വാക്വം പമ്പ് എന്നിവയുടെ സപ്ലൈ) | ശ്രീ വർഗ്ഗീസ് എബ്രഹാം (സിവിൽ കരാറുകാരൻ) | 1 | 5 | 696079 | 41765 (6%) | 27843 | 765687 | 1 | 689118 ഉ.വി 76569 | 1.സപ്ലൈ നടത്തുന്നതിന് സേവന നികുതി കൊടുത്തു. 2.CBEC യുടെ Notification 25/2012-Service Tax dated 20th June, 2012 (അമെൻഡ്മെൻഡുകൾക്ക് ശേഷവും) 12(d) പ്രകാരം ഇറിഗേഷൻ പ്രവൃത്തികളെ സേവന നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |
| | | | | | | | 84,914 | | | | | |

## 3-3 ടെണ്ടർ ഷെഡ്യൂളിനേക്കാൾ കൂടിയനിരക്ക് അനുവദിച്ചു.-1897 രൂപ നിരാകരിക്കുന്നു.

പ്രോജക്റ്റ് -199/18
നസ്സറിപ്പടി ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ
നിർവ്വഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

മേൽ പ്രോജക്റ്റിന്റെ എസ്റ്റിമേറ്റ്, ടെണ്ടർ ഷെഡ്യൂൾ എന്നിവയിൽ Item no. 2 ന്റെ നിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നു.

| Item no. | Item | എസ്റ്റിമേറ്റ് നിരക്ക് ആദ്യം രേഖപ്പെടുത്തിയ നിരക്ക് | എസ്റ്റിമേറ്റിൽ തിരുത്തിയ നിരക്ക് | ടെണ്ടർ ഷെഡ്യൂൾ പ്രകാരം കരാറുകാരൻ സ്വീകരിച്ചതും എഗ്രിമെന്റ് വച്ച നിരക്ക് |
|---|---|---|---|---|
| 2 | "Solid block masornary with CM 1;6 using best quality solid bloick size | 5671 | 6366 | 5671 |

| | | | | | |
|---|---|---|---|---|---|
| | 30*12*15 cm including cost and conveyance scaffolding, curing etc, comlplete above plinth level to floor level II (including)- | | | | |

(DSR-2014 ലെ നിരക്ക് 1.3143 കോസ്റ്റ് ഇൻഡക്സ് കൂട്ടി നൽകിയതാണെന്ന് എസ്റ്റിമേറ്റിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും DSR ലെ ഇനം നമ്പർ രേഖപ്പെടുത്തിയിട്ടില്ല.)

എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ കരാറിന്റെ ഭാഗമാക്കേണ്ടതാണെങ്കിലും ടെണ്ടർ ഷെഡ്യൂൾ പ്രകാരമുള്ള കുറഞ്ഞ നിരക്ക് കരാറുകാരൻ സ്വീകരിച്ചതിനാൽ ആ നിരക്ക് പ്രകാരമുള്ള തുകക്കേ കരാറുകാരന് അർഹതയുള്ളു.

| അളവ് പുസ്തകം പ്രകാരം ചെയ്ത അളവ് (42-16/17) | നൽകിയ നിരക്ക് | നൽകിയ തുക | നൽകാവുന്ന നിരക്ക് | നൽകാവുന്ന തുക | കൂടുതൽ നൽകിയത് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|---|---|---|---|---|---|
| 2.73 | 6366 | 17379.18 | 5671 | 15481.83 | 1897.35 | 19 | 26/10/17 | 190685 |

ഈ തുക കരാറുകാരനിൽ നിന്നോ എം ബുക്കിൽ ടെണ്ടർ ഷെഡ്യൂൾ പ്രകാരമുള്ള തുക തിരുത്തി എസ്റ്റിമേറ്റ് പ്രകാരമുള്ള തുക രേഖപ്പെടുത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേര് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി 15 തീ. 21/2/19)

## 3-4 പാലിന് സബ്സിഡി - മുഴുവൻ തുകയും വിനിയോഗിച്ചില്ല

പ്രൊജക്ട് നമ്പർ 21/18 ക്ഷീര സഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതിക്ക വേണ്ടി ഈ സാമ്പത്തിക വർഷം 900000/- രൂപ പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്. എന്നാൽ 786462/- രൂപ മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. ഓഡിറ്റ് എൻക്വയറി 6 ന് ലഭിച്ച മറുപടി പ്രകാരം ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പ് നൽകുന്ന ധനസഹായം ഉൾപ്പെടെ 4/- രൂപ നൽകാവുന്നതാണ്. എന്നാൽ ഇവിടെ മൂന്നു രൂപ നിരക്കിലേ നൽകിക്കാണുന്നുള്ളൂ. നമ്മുടെ സംസ്ഥാനം ക്ഷീരവികസന മേഖലയിൽ വലിയ പ്രതിസന്ധിയാണ് നേരിട്ട് കൊണ്ടിരിക്കുന്നത്. സർക്കാരിന്റെ വലിയ തോതിലുള്ള ഇടപെടലുകൾ മൂലം ഈ അവസ്ഥയ്ക്ക് മാറ്റം വരുന്നതായി കാണുന്നുണ്ട്. ഈ മേഖലയെ ആശ്രയിച്ച് ഉപജീവനം കണ്ടെത്തുന്നവരിൽ സർക്കാരിൽ നിന്നും കിട്ടുന്ന ചെറിയ തുക പോലും വലിയ ആശ്വാസമാണ്. ആയതിനാൽ കർഷകർക്ക് പദ്ധതി മാനദണ്ഡങ്ങൾ പ്രകാരമുള്ള മുഴുവൻ സബ്സിഡി തുകയും ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-5 എസ്.എസ്.എ. വിഹിതം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രൊജക്ട് നമ്പർ 121/18, പഞ്ചായത്തിൽ നിന്നും SSA വിഹിതമായി 556451/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പണം ചെലവഴിച്ചതിനെ സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല. ആയതിനാൽ എസ്എസ്എ അധികൃതരിൽ നിന്നും തുക ചെലവഴിച്ചതിനെ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-6 അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ ഗോത്രോൽസവം എന്ന പദ്ധതി-സബ്സിഡി മാർഗരേഖാവിരുദ്ധമായ ചെലവ്

അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതി നം.242/18, ഗോത്രോൽസവം. ഈ പദ്ധതിയിൽ, 2018 മാർച്ച് മാസം 10-ാം തീയതി പകൽ 11 മണിക്ക് വാഴച്ചാൽ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ഗോത്രോൽസവം എന്ന ഒരു പരിപാടി സംഘടിപ്പിച്ചു. ഈ പരിപാടിയിൽ ഒരു മീറ്റിംഗ് നടത്തിയതായാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. ഈ മീറ്റിംഗിലേക്ക്

ആളുകളെ കൊണ്ടുവരുന്നതിന് വണ്ടി ഏർപ്പെടുത്തിയതിന്റെ വാടക, പരിപാടിക്ക് പന്തൽ തയ്യാറാക്കിയതിന്റെ വാടക, ലൈറ്റ് ആന്റ് സൗണ്ട്, ഭക്ഷണച്ചെലവ് എന്നിവയ്ക്കായി മൊത്തം 50000/- രൂപ (ബിൽ നം.21/17-18,dt.24.3.18) ചെലവ് ചെയ്തതായി കാണുന്നു. പദ്ധതിപ്പണം ഉപയോഗിച്ച് ഉൽപ്പാദനപരമല്ലാത്ത മേളകൾ, ഉൽസവങ്ങൾ എന്നിവ നടത്തരുത് എന്നു വ്യക്തമാക്കുന്ന, പദ്ധതി മാർഗരേഖ പ്രദിപാദിച്ചിട്ടില്ലാത്ത ഏതെങ്കിലും ഇനത്തിനോ, അധികരിച്ച തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ് എന്ന് വ്യക്തമാക്കുന്നു (ജി.ഒ.എം.എസ്.നം.80/2017 ത.സ്വ.ഭ.വ.3.4.2017). മാർഗരേഖാ വിരുദ്ധമായ ഈ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

## 3-7 സ്വയം തൊഴിലിന് ഇരുചക്രവാഹനം എന്ന പദ്ധതി-ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ 152/18 എന്ന ഈ പദ്ധതിയിൽ, സിക്ത, മാത്തിപ്പറമ്പിൽ, കണ്ണങ്കുഴി എന്ന ഗുണഭോക്താവിന് സബ്സിഡി തുക സ്വന്തം അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിരിക്കുന്നത്. സബ്സിഡി മാർഗരേഖ പ്രകാരം സബ്സിഡി തുക വാഹനം വാങ്ങിയ കടയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടത്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ഗുണഭോക്താവ് വിദ്യാർത്ഥിനിയാണ്. ഗുണഭോക്താവ് സ്വയം തൊഴിൽ ചെയ്യുന്നതിന്റെ രേഖകളൊന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 18283/രൂപാ (ബിൽ നം.10/17-18,dt.1/2/18) രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികൾക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നമ്പർ | പേര് | കൈമാറിയ തുക | ബിൽ നമ്പർ, തിയതി | കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 110/18 | കേശവമേനോൻ റോഡ്സ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 79557 | 48/17-18, dt.28/2/18 | കെ.എസ്.ഇ.ബി., പരിയാരം |
| 109/18 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 128325 | 16/17-18, dt.23/9/17 | കെ.എസ്ഇ.ബി., പരിയാരം |
| 132/18 | വാർഡ്-4, ജലനിധി കുടിവെള്ള പദ്ധതി – ശുദ്ധീകരണ പ്ലാന്റ് | 600000 | 20/17-18, dt.01/10/17 | കേരളാ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇരിങ്ങാലക്കുട |
| 159/18 | ഐ.എം.എ. ബ്ലഡ് ബാങ്ക് വിഹിതം | 100000 | 11/17-18, dt.25/08/17 | ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |
| 237/18 | ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ | 100000 | 13/17-18, dt25/08/17 | ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |
| 253/18 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 59700 | 47/17-18, dt.28/2/18 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി., പരിയാരം |
| ആകെ | | 1067582 | | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക 1067582/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,00,000 | സാന്ത്വന ചികിത്സ | 1,00,000 | 0 |
| | | 1,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |
| | | 1,00,000 | അങ്കണവാടി പോഷകാഹാരം | 1,00,000 | 0 |
| | | 1,00,000 | പാലിന് സബ്സിഡി | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,00,000 | പാലിന് സബ്സിഡി | 1,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | ജലനിധി കുടിവെള്ള പദ്ധതികൾക്ക് വേണ്ടി ജലശുദ്ധീകരണ പ്ലാന്റ് | 0 | 6,00,000 | 0 | | 6,00,000 |
| KSEB | 4-ാം വാർഡ് കണ്ണത്താൻ റോഡ് സ്ട്രീറ്റ് ലൈറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ | 0 | 28,325 | 0 | | 28,325 |
| | കേശവമേനോൻ റോഡ് സ്ട്രീറ്റ് ലൈറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ | 0 | 79,557 | 0 | | 79,557 |
| | 4-ാം വാർഡിൽ കൃഷിഭവൻ മുതൽ ലത്തീൻ പള്ളി ശ്മശാനം വരെ എക്സ് സർവീസ്മെൻ സെന്റർ റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 0 | 59,700 | 0 | | 59,700 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/ തീയതി |
|---|---|---|---|---|
| 2016-17 | 3.1 | 16,836 | (കരാറുകാരൻ) ജോജൻ വർഗ്ഗീസ്, വടാശ്ശേരി വീട് | 117010101271/ തീ.22.01.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,26,72,823 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,37,17,734 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1897 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1918488 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | - | 1897 | ശ്രീ.ടി.വി നൈജു, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 191258 | ശ്രീ.ബിജു.സി.വി, വി.ഇ.ഒ, മലക്കപ്പാറ |
| 3-2 | 84914 | ശ്രീ.ടി.വി നൈജു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 556451 | ശ്രീമതി.പി.കെ.മേരി, എച്ച്.എം |
| 3-7 | 18283 | ശ്രീ.ടി.ജി.സജി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 1067582 | സിജോ കരേടൻ, സെക്രട്ടറി |
| ആകെ | 1918488 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ടി.വി നൈജു അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | തൈക്കൂട്ടത്തിൽ വീട്, കോന്നൂർ.പി.ഒ., നാലുകെട്ട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 96-97 | എൽ.എഫ്.ടി.7-553/99/ 4.11.99 | | |
| 97-98 | എൽ.എഫ്.ടി.7-554/99/ 4.11.99 | | |
| 98-99 | എൽ.എഫ്.ടി.7-618/2000/ 28.11.02 | | |
| 99-2000, 2001-02 (പ്ലാൻ) | എൽ.എഫ്.ടി.14-1204/03/ 3.2.04 | | |
| 99-2000 | എൽ.എഫ്.ടി.14-875/05/ 11.8.05 | | |
| 2000-01 | എൽ.എഫ്.ടി.14-867/05/ 11.8.05 | | |
| 2001-02 | എൽ.എഫ്.ടി.14-945/05/ 11.8.05 | | |
| 2002-03 | എൽ.എഫ്.ടി.14-618/06/ 19.8.06/9.1.07 | | |
| 2003-04 | എൽ.എഫ്.ടി.14-619/06/ 19.806 | | |
| 2004-05 | എൽ.എഫ്.ടി.14-65/09/ 21.12.09 | | |
| 2005-06 | എൽ.എഫ്.ടി.14-821/09/ 24.7.10 | | |
| 2006-07 | എൽ.എഫ്.ടി.14-822/09/ 24.7.10/10.11.10 | | |
| 2007-08 | എൽ.എഫ്.ടി.15-690/11/ 28.9.11 | | |

| | | | |
|---|---|---|---|
| 2008-09 | എൽ.എഫ്.ടി.15-691/11/ 19.2.11/2.1.12 | | |
| 2009-10, 2010-11 | എൽ.എഫ്.ടി.പി.3-1662/12/ 11.1.13/6.4.13 | | |
| 2011-12 | എൽ.എഫ്.ടി.പി.7-1985/13 3.4.14/13.6.14 | | |
| 2012-13 | എൽ.എഫ്.ടി.പി.7-1908/14 10.6.15/27.7.15 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)221/16 തീ.22.02.2016 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)1278/16/ തീ.29.07.2016 | | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി.7) 75/2017 തീ.25.01.2017 | | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)1055/2017 തീ.28.07.2017 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ(പി.7)338/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020
ഫോൺ- 0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി.16.05.2019

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അതിരപ്പിള്ളി

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം (AuditedAbstract) |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ല ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ